## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *216 — 05.05.2017- ൽ മറുപടിക്ക്

## തൊഴിൽ നിയമങ്ങൾ പാലിക്കാത്ത കടയുടമകൾക്കെതിരെ നടപടി.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കാരാട്ട് റസാഖ്<br>ശ്രീമതി.യു. പ്രതിഭ ഹരി<br>ശ്രീ.ജോൺ ഫെർണാണ്ടസ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) വിവിധ കടകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് 1960-ലെ ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരമുള്ള സൗകര്യങ്ങളും ആനുകൂല്യങ്ങളും അവകാശങ്ങളും ലഭിയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് എൻഫോഴ്സ്മെന്റ് വിഭാഗം ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം 1960-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. മിനിമം വേതനം നൽകാത്ത കേസുകളിൽ സ്ഥാപന ഉടമകൾക്കെതിരെ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തു വരുന്നു. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന 155214/180042555214 എന്നീ നമ്പരുകളിൽ |

| | | | |
|---|---|---|---|
| | | | രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർക്ക് കൈമാറി യഥാസമയം തന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിനും കഴിയുന്നു. |
| (ബി) | പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ചില കടയുടമകൾ അധിക കൂലി നൽകാതെ അധിക സമയം ജോലി ചെയ്യിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെൻറ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. 2017-ൽ നാളിതുവരെ 10380 സ്ഥാപന പരിശോധനകൾ നടത്തുകയും 121 ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ക്ലെയിം പെറ്റീഷനുകളിൽ അധിക കൂലി നൽകാതെ അധിക സമയം ജോലി ചെയ്യിച്ചതിന്റെ കുടിശ്ശികയും ഉൾപ്പെടുത്താറുണ്ട്. |
| (സി) | ഇപ്രകാരം തൊഴിൽ നിയമങ്ങൾ പാലിക്കാത്ത കടയുടമകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ? | (സി) | സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ